പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3175 — 23/03/2015 ൽ മറുപടിക്ക്

പക്ഷിപ്പനി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.ദിവാകരൻ: | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്ത് പക്ഷിപ്പനി തടയുന്നതിന് എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കുമോ? | എ) പക്ഷിപ്പനി, വായുമാർഗ്ഗം പകരാവുന്ന രോഗമായതിനാൽ ദേശാടനപക്ഷികൾ ധാരാളമായി കേരളത്തിൽ എത്തിച്ചേരുന്ന സാഹചര്യത്തിൽ പക്ഷിപ്പനി പൂർണ്ണമായി തടയുക അപ്രായോഗികമാണ്. എന്നാൽ ദേശാടനപക്ഷികൾ സ്ഥിരമായി വരുന്ന സ്ഥലങ്ങളിൽ അവയെ നിരീക്ഷിക്കുവാനും ക്ലിനിക്കൽ സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറിയിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം രോഗം കാലേക്കൂട്ടി കണ്ടെത്തിയാൽ ആയത് പടർന്നു പിടിയ്ക്കാതിരിക്കുവാനുള്ള നടപടികൾ യഥാസമയം കൈക്കൊള്ളുന്നതിന് സാധിക്കും. |

സെക്ഷൻ ഓഫീസർ